I/94999/2024

ഭരണഭാഷ മാതൃഭാഷ

DCETVM/4084/2024-C4

കോളേജ് വിദ്യാഭ്യാസ വകുപ്പ്

ആസ്ഥാന കാര്യാലയം, വികാസ് ഭവൻ

തിരുവനന്തപുരം

31-05-2024

**പരിപത്രം**

വിഷയം : കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം- ശ്രീ.അനിൽ പ്രകാശ്.പി.ആർ, ഓഫീസ് അറ്റൻഡൻറ് -ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ അർഹമായ സ്ഥാനം നല്കി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്-

സൂചന - 1) 08/09/2016 ലെ സി4/20099/2016 നം. മുൻഗണന പട്ടിക

2) 06.05.2016 തിയതിയിലെ സി3/6168/2016/കോ.വി.വ നമ്പർ മുൻഗണന പട്ടിക.

3) 02.11.2021 ലെ ശ്രീ അനീഷ് പ്രകാശ് പി.ആർ, ഓഫീസ് അറ്റന്റന്റിന്റെ പരാതി.

4) 28.06.2022 ലെ എഫ് /52/2022/ഉ.വി.വ നം സർക്കാർ കത്ത് .

5) കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28/01/2023 ലെ C3/41288/2021/DCE നം.ഉത്തരവ്

6) തൃശ്ശൂർ ഐ.എ.എസ്.ഇ പ്രിൻസിപ്പാളിൻറെ 11/12/2023 ലെ A1/2/2023/IASETSR നം. കത്ത്

*************

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ അറ്റൻഡർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനായുള്ള സംയോജിത സീനിയോറിറ്റി പട്ടിക സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. തൃശൂർ ഐ.എ.എസ്.ഇ ഓഫീസിൽ ഓഫീസ് അറ്റൻഡൻറ് ശ്രീ അനിൽ പ്രകാശ് പി ആർ 21.08.2014 ലെ തൃശൂർ ജില്ലാ പി.എസ്.സി ഓഫീസറുടെ നിയമന ശിപാർശയെ തുടർന്ന് 22.09.2014 ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ വാച്ചർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും പിന്നീട് തൃശൂർ പി.എസ്.സി ഓഫിസിൽ നിന്നും റൊട്ടേഷൻ കണക്കാക്കുന്നതിൽ പിശക് പറ്റി എന്ന് മനസിലാക്കുകയും പി.എസ്.സി യിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് മേൽ പരാമർശിച്ച നിയമനം റദ്ദ് ചെയ്ത് 15.01.2015 ൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ നൈറ്റ് വാച്ച്മാൻ ഒഴിവിലേക്ക് നിയമന ശിപാർശ നൽകുകയും ചെയ്തു . തുടർന്ന് ടിയാൻ 09.02.2015 ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് 10.02.2015 ൽ ചേലക്കര സർക്കാർ കോളേജിൽ നൈറ്റ് വാച്ച്മാൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. സൂചന (2) ഉത്തരവ് പ്രകാരമുള്ള ഓഫീസ് അറ്റന്റന്റ് / നൈറ്റ് വാച്ച്മാൻ / മാർക്കർ എന്നിവരുടെ അന്തിമ മുൻഗണന പട്ടികയിൽ ടിയാൻ ക്രമ നം 333 ആയിരുന്നു . ടിയാന് എഫക്റ്റീവ് അഡ്വൈസ് തീയതി ആയ 21.08.2014 മുതൽ ഉള്ള സീനിയോറിറ്റി ആനുകൂല്യങ്ങൾ നൽകണമെന്ന് കാണിച്ച് സൂചന (3) പ്രകാരം പരാതി സമർപ്പിക്കുകയും ആയതിൽ ഈ കാര്യാലയത്തിൽ നിന്ന് സർക്കാർ സ്പഷ്ടീകരണം തേടുകയും ചെയ്തിരുന്നു.

സൂചന (4) പ്രകാരം സർക്കാർ സ്പഷ്ടീകരണം ലഭ്യമാമായിരുന്നു. ആയതിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 27(സി) പ്രകാരം പ്രസ്തുത പി.എസ്.സി അഡ്വൈസ് തിയതി അടിസ്ഥാനമാക്കി ശ്രീ അനിൽ പ്രകാശ് പി.ആർ ന അർഹമായ

സ്ഥാനം നൽകി സീനിയോറിറ്റി ലിസ്റ്റ് പുനഃ ക്രമീകരിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നു. തുടർന്ന് സൂചന (2) പ്രകാരമുള്ള അന്തിമ മുൻഗണന പട്ടികയിൽ ശ്രീ അനിൽ പ്രകാശ് പി.ആർ നു ക്രമനമ്പർ 300 നും 301 നും ഇടയിൽ 300 എ ആയി ഉൾപ്പെടുത്തി സൂചന (5) പ്രകാരം ഉത്തരവായിട്ടുണ്ട്. അതുപോലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിലും സ്ഥാനം പുന:ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാൻറെ സീനിയോറിറ്റി **നിയമനശുപാർശ തീയതിയായ** 21/08/2014 **അടിസ്ഥാനത്തിൽ നിശ്ചയിക്കാൻ സൂചന** (4) **പ്രകാരം സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിൽ** ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ അറ്റൻഡർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനായുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ നിലവിലെ ടിയാൻറെ സ്ഥാനം 391 എന്നത് പി.എസ്.സി അഡ്വൈസ് തീയതി കണക്കാക്കി പുന:നിർണ്ണയിച്ച് 356 നും 357 നും ഇടയിൽ 356 A ആയി താത്ക്കാലികമായി ഉൾപ്പെടുത്തുന്നു. ഇതിനെതിരെ ടി ലിസ്റ്റിൽ 357 മുതൽ 390 വരെയുള്ള ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള പരാതിയോ ആക്ഷേപമോ ഉള്ള പക്ഷം ആയതു പ്രിൻസിപ്പാൾ മുഖേന രേഖകൾ സഹിതം 06/06/2024 നകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

സ്ഥാപനമേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട ജീവനക്കാർ കണ്ടു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

Signed by
Aseem A
Date: 31-05-2024 13:02:11

ASEEM A
SENIOR ADMINISTRATIVE OFFICER

പകർപ്പ്

1.വകുപ്പിന് കീഴിലെ എല്ലാ സർക്കാർ സ്ഥാപന മേധാവികൾക്ക്

2.സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)